(ഇ) കോയിപ്രം, ഇരവിപേരൂർ, പുറമറ്റം, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.

ഔഷധങ്ങൾ, ഭക്ഷ്യധാന്യങ്ങൾ, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയ ഉപഭോക്തൃ വസ്തുക്കളുടെ ഗുണനിലവാര പരിശോധന

30 [3374] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധങ്ങൾ, ഭക്ഷ്യധാന്യങ്ങൾ, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയ ഉപഭോക്തൃ വസ്തുക്കളുടെ ഗുണനിലവാര പരിശോധനയ്ക്കായി ജില്ല/സംസ്ഥാന തലത്തിൽ നിലവിലുള്ള സംവിധാനമെന്താണെന്നറിയിക്കാമോ;

(ബി) പ്രസ്തുത സംവിധാനം വ്യാപകവും കാര്യക്ഷമവും ആധുനികവും ആക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഗുണനിലവാര പരിശോധന നടത്തുന്ന ഔദ്യോഗിക സംവിധാനത്തിൽപ്പെടുന്നവർക്ക് ലഭിച്ചിട്ടുള്ള ശാസ്ത്രീയ പരിശീലനം എന്തെല്ലാമാണ്;

(ഡി) പ്രസ്തുത സംവിധാനവുമായി ബന്ധപ്പെട്ട് ഗവേഷണ നിരീക്ഷണങ്ങൾക്ക് സൗകര്യം ലഭ്യമാണോ;

(ഇ) അന്യ സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യപ്പെടുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സംവിധാനങ്ങൾ ഉണ്ടോ;

(എഫ്) ടിന്നിലടച്ച ഭക്ഷണ പദാർത്ഥങ്ങൾ, കവറുകളിലാക്കി വിൽപ്പന നടത്തുന്ന ഭക്ഷണ പാനീയങ്ങൾ എന്നിവ പ്രോസസിംഗിന്റെ ഓരോ ഘട്ടത്തിലും രോഗാണു വിമുക്തമാണെന്നുറപ്പാക്കാൻ സംവിധാനം ഏർപ്പെടുത്തുമോ;

(ജി) ജില്ലാ-താലൂക്ക് തലത്തിൽ ഗുണനിലവാര പരിശോധനയ്ക്ക് ഏറ്റവും ആധുനിക സാങ്കേതിക വിദ്യ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭക്ഷ്യധാന്യങ്ങൾ, ഭക്ഷ്യവസ്തുക്കൾ, തുടങ്ങിയവയുടെ ഗുണനിലവാര പരിശോധനയ്ക്കായി കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ പ്രവർത്തിച്ചു വരുന്നുണ്ട്. കേന്ദ്ര മായം ചേർക്കൽ നിരോധന നിയമപ്രകാരം വിവിധ വ്യാപാര വ്യവസായ ശാലകളിൽനിന്നും ഭക്ഷണ പദാർത്ഥങ്ങൾ ശേഖരിച്ച് ലബോറട്ടറികളിൽ അയക്കുന്നതിനായി കേരളത്തിൽ 14 ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരും അവരുടെ കീഴിൽ 60 സർക്കിൾ ഫുഡ് ഇൻസ്പെക്ടർമാരും പ്രവർത്തിച്ചു വരുന്നു. കൂടാതെ മുന്ന്

LIBRARY ARCHIVES Kerala Legislative Assembly

മൊബൈൽ വിജിലൻസ് സ്കാഡിൽ മൂന്ന് ചീഫ് ഫുഡ് ഇൻസ്പെക്ടർമാരും പ്രവർത്തിച്ചു വരുന്നു. മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ മുനിസിപ്പാലിറ്റിയുടെ കീഴിൽ 30 ഫുഡ് ഇൻസ്പെക്ടർമാരുടെ സേവനവും ലഭ്യമാണ്. ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോളറുടെ കീഴിൽ ഓരോ ജില്ലയിലുമുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഔഷധ സ്റ്റോറുകൾ പരിശോധിക്കുകയും അവിടെ നിന്നും ഔഷധ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ അംഗീകാരമില്ലാത്ത മരുന്നുകളും, വ്യാജ മരുന്നുകളും സൂക്ഷിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടികൾ എടുത്തുവുന്നു.

(ബി). ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള കേരളത്തിലെ മൂന്ന് റീജിയണൽ ലബോറട്ടറികളും കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയുള്ള കപ്പാസിറ്റി ബിൽഡിംഗ് പ്രോജക്ടിന്റെ ഭാഗമായി അന്തരാഷ്ട്ര അംഗീകാരമായ അക്രഡിറ്റേഷൻ നേടുന്നതിനായുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഡ്രഗ്സ് കൺട്രോളിംഗ് വകുപ്പിൽ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശവും നിലവിലുണ്ട്.

(സി) ആരോഗ്യവകുപ്പിന്റെ കീഴിൽ 3 റീജിയണൽ ലബോറട്ടറികളിൽ പ്രവർത്തിക്കുന്ന പബ്ളിക് അനലിസ്റ്റുകൾ കേന്ദ്ര സർക്കാരിന്റെ യോഗ്യതാ പരീക്ഷയായ പബ്ളിക് അനലിസ്റ്റ് പരീക്ഷ പാസ്സായവരാണ്. ബി. ഫാം. പരീക്ഷ പാസായ ഡ്രഗ്സ് ഇൻസ്പെക്ടർമാരാണ് ഡ്രഗ്സ് കൺട്രോളിംഗ് വകുപ്പിൽ ഗുണ നിലവാര പരിശോധന നടത്തുന്നത്. അവർക്ക് ഇൻസർവീസ് ട്രെയിനിംഗും നൽകുന്നുണ്ട്.

(ഡി) പി.എഫ്.എ. ആക്ട് പ്രകാരം ശേഖരിച്ച സാമ്പിളുകളുടെ നിയമപരമായ പരിശോധന മാത്രമാണ് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികളിൽ നടത്തുന്നത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് പ്രകാരം ശേഖരിച്ച മരുന്നുകളുടെ സാമ്പിളുകളാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ പരിശോധിക്കുന്നത്. രണ്ടിടങ്ങളിലും മറ്റു ഗവേഷണ നിരീക്ഷണങ്ങൾ നടത്തുന്നില്ല.

(ഇ) ഉണ്ട്; അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങൾ എല്ലാം പി.എഫ്.എ. ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് പരിശോധിച്ചിട്ടുള്ളവയാണ്.

(എഫ്, ജി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly